S.R.O. No. 510/11-ാം നമ്പർ വിജ്ഞാപനം കേന്ദ്ര സർക്കാർ നടത്തിയ 2011-ലെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസിനെ സംബന്ധിച്ചുള്ളതാണ്. സെൻസസ് പൂർത്തിയായി റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമാണ് ഇതുസംബന്ധിച്ച വിജ്ഞാപനം അംഗങ്ങൾക്ക് ലഭിക്കുന്നത്. ഇതൊരു വലിയ ഡിലേയാണ്. അതുപോലെ മറ്റൊരു സംഗതിയുള്ളത് 218/11 എന്നത് നമ്മുടെ സംസ്ഥാനത്ത് ഓംബുഡ്സ്മാനെ നിയമിച്ചതുമായി ബന്ധപ്പെട്ട വിജ്ഞാപനമാണ്. ഈ വിജ്ഞാപനവും അംഗങ്ങൾക്ക് കിട്ടുന്നത് 29-6-2015-നാണ്. പക്ഷേ, പുതിയ ഓംബുഡ്സ്മാൻ വന്ന് അദ്ദേഹത്തിന്റെ കാലാവധി തീരേണ്ട സമയമായപ്പോഴാണ് ലഭിക്കുന്നത്. ഈ രണ്ട് വിഷയത്തിലും വളരെയധികം ഡിലേയാണുണ്ടായിട്ടുള്ളത്, അംഗങ്ങളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം കൂടിയാണിത്. സമയാസമയത്ത് അറിയുകയെന്നുള്ളത് നിയമസഭാസാമാജികരുടെ പ്രിവിലേജും അവകാശവുമായി ബന്ധപ്പെട്ടതാണ്. നീതീകരിക്കാനാവാത്ത കാലതാമസം ഈ വിഷയത്തിൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ അങ്ങയുടെ റൂളിംഗുണ്ടാകണം.

റൂളിംഗ്

10.20 AM]

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നം ചെയർ വിശദമായി പരിശോധിച്ചു. മേൽപ്പറഞ്ഞ രണ്ട് വിജ്ഞാപനങ്ങളും യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ് സഹിതമാണ് സഭയുടെ മേശപ്പുറത്ത് 29-6-2015-ൽ പ്രസ്തുത നോട്ടിഫിക്കേഷനുകൾ വച്ചിട്ടുള്ളത്. ഈ വിജ്ഞാപനങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ വളരെയധികം കാലതാമസം വന്നിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. നിയമസഭാചട്ടം 259 (b) പ്രകാരം ഏതെങ്കിലും കടലാസ് മേശപ്പുറത്ത് വയ്ക്കുന്നതിന് അകാരണമായ കാലതാമസമുണ്ടായോയെന്നും അങ്ങനെ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ, കാരണം വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ള കാരണങ്ങൾ തൃപ്തികരമാണോയെന്നും പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അധികാരം മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയിൽ നിക്ഷിപ്തമാണ്. ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ചിട്ടുള്ള വിഷയം മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly